മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി)

(എ) മുപ്പത്തി എട്ട് (38) ഫാസ്റ്റ്ട്രാക്ക് കോടതികൾ സ്ഥാപിക്കുവാനാണ് 11-ാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. ഹൈക്കോടതിയുടെ അഭിപ്രായം കണക്കിലെടുത്ത് ഇരുപത്തിയേഴ് (27) കോടതികൾ സ്ഥാപിച്ചു. ബാക്കി പതിനൊന്ന് (11) കോടതികൾ ആരംഭിക്കുന്നകാര്യം പരിശോധിച്ചു വരികയാണ്.

(ബി) ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുന്നതിന് 2000-2005 വർഷത്തേക്ക് 10.87 കോടി രൂപയാണ് സംസ്ഥാനത്തിനു വകയിരുത്തിയിട്ടുള്ളത്. ഇതിൽ 4.37 കോടി രൂപ ലഭിച്ചുകഴിഞ്ഞു. പതിനൊന്നാം ധനകാര്യകമ്മീഷന്റെ ശുപാർശയനുസരിച്ച് കെട്ടികിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ 38 കോടതികൾ ആരംഭിക്കുവാനാണ് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ 27 കോടതികൾക്ക് കേന്ദ്ര ഗവൺമെന്റ് 38 കോടതികൾക്ക് വകയിരുത്തിയ 10.87 കോടി രൂപയുടെ ആനുപാതിക തുക മാത്രമേ ലഭിക്കുകയുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പകർച്ചവ്യാധികൾ തടയാൻ കേന്ദ്രസഹായം

6 (*654) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം വക എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഡങ്കിപ്പനി, ഹെമറേജ് ഫീവർ, മലേറിയ, വൈറൽ ഫീവർ തുടങ്ങിയ മാരകമായ പകർച്ചവ്യാധികൾ തടയാൻ കേന്ദ്ര ആരോഗ്യവകുപ്പിനോട് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ആവശ്യപ്പെട്ടത് ;

(സി) ഇതിൻപ്രകാരം ഏതെങ്കിലും അടിയന്തിര സഹായം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ലോകാരോഗ്യ സംഘടനയടക്കം മറ്റ് അന്തർദേശീയ സംഘടനകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)

(എ) സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം വകയായി പകർച്ച വ്യാധികൾ തടയാൻ തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) പകർച്ചവ്യാധികൾ തടയുന്നതിനായി 15 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ആവശ്യമുള്ളത്ര പരിശോധനാ കിറ്റുകൾ ലഭ്യമാക്കാനും കേന്ദ്ര ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് പഠനം നടത്തുകയുണ്ടായി.

(സി) ലഭിച്ചിട്ടില്ല.

(ഡി) ലഭിച്ചിട്ടുണ്ട്. 500 ഡയഗ്നോസ്റ്റിക് കിറ്റുകൾ കോഴിക്കോട്ടെ മെഡിക്കൽ കോളേജിൽ ഡബ്ല്യു.എച്ച്.ഒ. അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരം കിട്ടിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസുകൾ

7 (*655) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ. ഒ. സി. ഇല്ലാതെ തന്നെ വ്യവസായം ആരംഭിക്കുന്നതിനായി ലൈസൻസ് നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പബ്ലിക് ഹെൽത്ത് ആക്ടിലെ വ്യവസ്ഥകളും പരിസര മലിനീകരണം ചെറുക്കുന്ന നിയമത്തിലെ വ്യവസ്ഥകളും പാലിക്കാതെ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയും പ്രാബല്യത്തിൽ നിലനിർത്തുകയും ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള)

(എ) വ്യവസായ സ്ഥാപനം/ഫാക്ടറി മുതലായവ സ്ഥാപിക്കുന്നതിനുള്ള അനുമതി അതതു തദ്ദേശഭരണ സ്ഥാപനവും ലൈസൻസു നൽകുന്നത് അതത് സെക്രട്ടറിമാരുമാണ്. മലിനീകരണ നിയന്ത്രണ ബോർഡുപോലുള്ള സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ പത്രിക ആവശ്യമുള്ള കേസുകളിൽ അത് പാലിയ്ക്കാതെ ലൈസൻസു നൽകുന്ന സെക്രട്ടറിമാരുടെ പേരിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നു.

(ബി) പബ്ലിക് ഹെൽത്ത് ആക്ടിലെ ചട്ടങ്ങൾ പാലിച്ചാണ് വ്യവസായ സ്ഥാപനം/ഫാക്ടറി സ്ഥാപിക്കേണ്ടത് എന്നു കാണുന്നകേസുകളിൽ ആരോഗ്യവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly